കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം4/687/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 24-03-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂർ ബ്ലോക്ക്പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി
ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), മലപ്പുറം
3).അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (പെർഫോമൻസ്), മലപ്പുറം

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം.4/687/17 തിയ്യതി: 24-03-17

## മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-09-2015 മുതൽ 01-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വി.കെ.ഷാജി<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6-3-2017 മുതൽ 16-3-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : | 1. ശ്രീ.പി. അബ്ദുന്നാസർ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>2.ശ്രീമതി.ടി.പി. സൽമത്ത് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3.ശ്രീ.ആലസ്സൻകുട്ടി.യു. ,ഓഡിറ്റർ (14-3-2017 വരെ മാത്രം) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അബ്ദുല്ലക്കുട്ടി | 1-4-15 മുതൽ 07-02-16 വരെ |
| | ശ്രീമതി.ആർ.കെ ഹഫ്സത്ത് | 08-02-16മുതൽ 31-3-16 വരെ |

| | | |
|---|---|---|
| | | |
| സെക്രട്ടറി | ശ്രീ.എൻ മൻസൂർ | 1-4-15 മുതൽ<br>16-6-15 വരെ |
| | ശ്രീ. എച്ച്.സൈഫുദ്ധീൻ<br>https://clicknupload.link/rxh0z4bio4df<br>(ജോയിന്റ് ബി.ഡി.ഒ. ഇൻ ചാർജ്ജ്) | 17-6-15 മുതൽ<br>20-7-15 വരെ |
| | ശ്രീ.എൻ മൻസൂർ | 21-7-15 മുതൽ<br>4-8-15വരെ |
| | ശ്രീ. എച്ച്.സൈഫുദ്ധീൻ (ജോയിന്റ് ബി.ഡി.ഒ. ഇൻ ചാർജ്ജ്) | 5-8-15 മുതൽ<br>30-9-15വരെ |
| | ശ്രീ.ആർ. ബാലചന്ദ്രൻ നായർ | 1-10-15മുതൽ<br>16-2- 16വരെ |
| | ശ്രീ.ജയ് പിബാൽ | 17.2.2016മുതൽ<br>31.3.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എക്സി. എഞ്ചിനീയർ | ശ്രീ.നികേഷ്യസ്.എൽ | 1-4-15 മുതൽ<br>31-3-16വരെ |

| | | |
|---|---|---|
| | | |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.സന്ധ്യ.ടി.എം. | 1-4-15മുതൽ 2-8-15 വരെ |
| | ശ്രീമതി.സിമ്മി | 3-8-15മുതൽ 31-3-16വരെ |
| | | |
| മെഡിക്കൽ ഓഫീസർ(CHC വെട്ടം) | ഡോ.മുജീബ്റഹ്മാൻ | 1-4-15 മുതൽ 31-3-16വരെ |
| ശിശുവികസന ഓഫീസർ | ശ്രീമതി.ഗീതാബായി | 1-4-15മുതൽ 8-6-15വരെ |
| | ശ്രീമതി.സജി .കെ.എസ് | 9-6-15മുതൽ 13-01-16വരെ |
| | ശ്രീമതി.ഒ.പി.രമ | 14-01-16മുതൽ 22-01-16വരെ |
| | ശ്രീമതി.ഗീത.സി.എസ് | 23-01-16മുതൽ 31-3-16വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.പി.ശ്രീകണ്ഠൻ | 1-4-15 മുതൽ 31-3-16വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ഭാഗം I | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | മാന്വൽ,സാംഖ്യ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 2-1 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | സബല റിസോഴ്സ് സെന്ററിന് വൈദ്യുതി ലഭ്യമാക്കിയിട്ടില്ല. | 3-1 | |
| 14 | പടിഞ്ഞാറെക്കര ഗോമുഖം എസ്.സി. കോളനി ഭൂസംരക്ഷണം - അധിക ചെലവ് അംഗീകരിക്കുന്നില്ല. | 3-2 | |
| 15 | ഒറ്റ പ്രൊജക്ടായി നിർവ്വഹണം നടത്തേണ്ട പ്രവൃത്തികൾ വ്യത്യസ്ത പ്രൊജക്ടുകളായി നടപ്പാക്കി. | 3-3 | |
| 16 | കുറുമ്പടി കാസിം ഹാജി കുടിവെള്ള പദ്ധതി- നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 3-4 | |
| 17 | കാന്നൂർ കായൽപാടം കല്ലോവ് തോടിന് കുറുകെ പാലം- അപ്രോച്ച് റോഡ് നിർമ്മിച്ചിട്ടില്ല. | 3-5 | |
| 18 | ഭാഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-6 | |
| 19 | കാലാവധിക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല. | 3-7 | |
| 20 | ഗ്യാസ് ക്രിമറ്റോറിയം - മലിനീകരണ നിയന്ത്രണ ബോർഡിൽ അടവാക്കിയ തുക എം.എൽ.എ.ഫണ്ടിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 3-8 | |
| 21 | മുൻകൂറായി തുക പിൻവലിച്ചു, ആയത് നാളിതുവരെ വിതരണം ചെയ്തില്ല | 3-9 | |
| 22 | വിവിധ സ്ഥാപനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-10 | |
| 23 | യാത്രാപ്പടി - കുടിശ്ശിക ക്ലൈം - സമയപരിധി കഴിഞ്ഞ യാത്രകൾക്കുള്ള തുകകൾ അനുവദിച്ചു നൽകി | 3-11 | |

| | | | |
|---|---|---|---|
| 24 | വികസന ഫണ്ടിൽ നിന്നും തുകകൾ പിൻവലിച്ചത്, ചെലവുവിവരം ലഭ്യമല്ല | 3-12 | |
| 25 | ജനറൽ പ്രൊജക്ടിനുള്ള വിഹിതത്തിൽ നിന്നും എസ്.സി.പ്രൊജക്ടിനുള്ള തുക പിൻവലിച്ചു | 3-13 | |
| 26 | അംഗൻവാടികളിലേക്ക് ഗ്യാസ് കണക്ഷൻ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-14 | |
| 27 | ഐ.എ.വൈ.വായ്പാ തുക തിരിച്ചടവ് - പലിശ ഇനത്തിൽ അടവാക്കിയ തുക സർക്കാരിൽ നിന്നും recoup ചെയ്യേണ്ടതാണ്. | 3-15 | |
| 28 | IAY (SC) പ്രൊജക്ട് – തുക പിൻവലിച്ചതിലെ അപാകതകൾ | 3-16 | |
| 29 | മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല | 3-17 | |
| 30 | ബ്ലോക്ക് വിഹിതം നൽകിയ ഗുണഭോക്താക്കളുടെ പേരിൽ തന്നെ വീണ്ടും അതേ ഇനത്തിൽ തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചു. | 3-18 | |
| 31 | വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-19 | |
| 32 | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങി | 3-20 | |
| 33 | പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ മുമ്പ് അനുവദിച്ച തുക തിരികെ അടച്ച ഗുണഭോക്താവിനായി വീണ്ടും തുക പിൻവലിച്ചു | 3-21 | |
| 34 | വൈദ്യുതി കണക്ഷൻ ലഭിക്കാത്ത സബല റിസോഴ്സ് സെന്ററിലേക്ക് പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവ വാങ്ങി | 3-22 | |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- അപാകതകൾ | 3-23 | |
| 36 | മരുന്ന് ലഭ്യമാക്കിയില്ല | 3-24 | |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 40 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |

| | | | |
|---|---|---|---|
| 47 | Audit Certificate | 2 | |
| 48 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 49 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 50 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 14-3-2016 തിയ്യതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2016 | 22-6-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 14-3-20 17 മുതൽ 15-3-2017 വരെ | റിപ്പാർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്കുകളിലെ അപാകതകൾ

1. 2011ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ 57, 58 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല.
2015-16 വർഷത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളുടെ മിനുട്സ് 29-9-15 മുതൽ 23-1-16 വരെയുള്ളത് പൂർത്തിയാക്കിയിട്ടില്ല, ക്ളോസ് ചെയ്തിട്ടില്ല, അദ്ധ്യക്ഷ ഒപ്പ് വെച്ചിട്ടില്ല.

3.മുൻ വർഷങ്ങളിലും തൻ വർഷത്തിലും വിവിധ വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളിൽ (ബാലൻസ് ഷീറ്റിൽ) closing stock രേഖപ്പെടുത്തിയിട്ടില്ല.

4. 2015-16 വർഷത്തിൽ ആർജ്ജിച്ച ആസ്തികൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5.മുൻകൂർ, നിക്ഷേപ രജിസ്റ്ററുകൾ പൂർത്തിയാക്കിയിട്ടില്ല, വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

6.IAY Loan A/C ലെ യഥാർത്ഥ മുന്നിരിപ്പ് ഉക (Scrollലും രജിസ്റ്ററിലും) 975 രൂപയാണ്. ആയത് 1021 രൂപ എന്നാണ് വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

7.വാടക ഇനത്തിൽ മുൻ വർഷത്തെ കുടിശ്ശികയായി 6500രൂപയും തൻ വർഷത്തേതായി 23,000 രൂപയും യഥാർത്ഥ വരവ് ഉണ്ടെങ്കിലും Receipt & Payment പത്രികയിൽ ആയത് യഥാക്രമം 4500, 25000 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

8.Village Hutൽ നിന്നുള്ള വരവായി തൻ വർഷം 14,000 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും ടി തുക Receipt & Payment പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9.വാടക ഇനത്തിൽ 31-3-16 ൽ അവശേഷിക്കുന്ന കുടിശ്ശിക, തൻ വർഷ തുകകൾ വാർഷിക കണക്കുകളിലും ബന്ധപ്പെട്ട രജിസ്റ്ററിലും ചുവടെ കൊടുത്തിരിക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | AFS പ്രകാരം തുക | രജി.പ്രകാരം തുക |
|---|---|---|
| Arrear | 6,000 | 4,000 |
| Current | 23,300 | 25,300 |

10.Tender forms sale, reimbursement of expenses of other schems,

reimbursement of other expenses incurred എന്നീ ഇനങ്ങളിൽ AFS പ്രകാരം

വരവ് ഉണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഒന്നും ലഭ്യമായില്ല.

11.വായ്പ ഇനത്തിലുള്ള തിരിച്ചടവ് യഥാർത്ഥത്തിൽ 36,13,891 രൂപയാണെങ്കിലും ആയത് 15,00,000 എന്നാണ് Receipt & Payment പത്രികയിൽ (RP – 32) രേഖപ്പെടുത്തിയിട്ടുള്ളത്.

12.Balance Sheet പ്രകാരം 31-3-16ൽ 20,85,430 രൂപയുടെ വായ്പാ തുക അടവാക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥത്തിൽ Loan balance 4487 രൂപ മാത്രമാണ് (IAY Loan, Loan No.09001603102011, MDC Bank).

13.കൊടക്കൽ വെങ്കുളം തോട്/കുളം നവീകരണം എന്ന പദ്ധതിക്ക് (Pr.No.42/16, തിരുനാവായ ഗ്രാ.പ) 2015-16 ൽ പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും Balalnce Sheet ൽ Capital work in progress ഇനത്തിൽ തുക ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

14.വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 36,45,053 രൂപയുടെ വൗച്ചറുകൾ പരിശോധനക്ക് ലഭ്യമായില്ല.
15. വികസനഫണ്ട് (ജനറൽ) ന്റെ യഥാർത്ഥ OB 67,55,559 രൂപയാണ്. ആയത് 57,55,559 എന്നാണ് ACR ൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38655467 |
| വരവ് | 89438268 |
| ആകെ | 128093735 |
| ചെലവ് | 93970924 |
| നീക്കിയിരിപ്പ് | 34122811 |

## 1-5 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് തുക | നീക്കിബാക്കി (ACRപ്രകാരം) | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 67,55,559 | 3,11,86,000 | (+) 87,584 | 38029143 | 35443882 | 25,85,261 | 0 |
| വികസന | 87,584 | 89,93,000 | (-)87,584 | 89,93,000 | 80,59,297 | 9,33,703 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഫണ്ട് (എസ്.സി.പി) | | | | | | | |
| വികസനഫണ്ട് (ടി.എസ്.പി) | - | 66,000 | - | 66,000 | 66,000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 13,63,750 | 41,13,000 | - | 54,76,750 | 38,14,645 | 16,62,105 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 90 | 112715864 | 81 | 47540278 | 7 | 9 | 82 |
| | | | | | | - |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 51612 | 62600 | 10988 | 21 |
| മറ്റുവരവുകൾ | 0 | 0 | 0 | 0 |
| ആകെ | 51612 | 62600 | 10988 | 21 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-3-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 79100രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ, ശിശു വികസന ഓഫീസർ, പട്ടിക ജാതി വികസന ഓഫീസർ എന്നിവർ എല്ലാ വരവു ചെലവുകളും രേഖപ്പെടുത്തിയ TR-7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ക്ഷീര വികസന ഓഫീസർ 2015-16 വർഷത്തിൽ TR-7A ക്യാഷ് ബുക്കോ, സബ്സിഡയറി രജിസ്റ്ററോ

സൂക്ഷിക്കാത്തത് ശരിയായ നടപടിയല്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ അടങ്ങിയ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ ബ്ളോക്ക് പഞ്ചായത്ത് കാലികമാക്കിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങലുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ തിയതി, സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ നടത്തിയ എല്ലാ വാങ്ങലുകളും പർച്ചേസ് കമ്മറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പർച്ചസ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്. റോഡ് നിർമ്മാണ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ സൈറ്റ് മാപ്പിലോ പ്രവർത്തി നടത്തുന്ന കൃത്യമായ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല. എഞ്ചിനിയറിംഗ് സ്റ്റാഫിന്റെ കുറവ് മൂലം സൈറ്റ് സന്ദർശിക്കാൻ കഴിയാത്തതിനാൽ മരാമത്ത് വർക്കുകളുടെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7-2-2017 to 9-2-2017 | 1-4-2015 to 7-2-2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-06-14 to 24-06-14 | 1-7-2013 to 31-5-2014 | 12-09-14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മാന്വൽ, സാംഖ്യ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബ്ളോക്ക് പഞ്ചായത്തിൽ മാന്വൽ, സാംഖ്യ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മാന്വൽ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ഇഷ്യൂ ചെയ്യുന്ന രശീതി ബുക്കുകളുടെ വിവരം, ബാക്കിയുള്ള രശീതി ബുക്കുകളുടെ വിവരം എന്നിവ ചേർത്തിട്ടില്ല. സാംഖ്യ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് കാരണം ലഭിച്ച സ്റ്റേഷനറി, ഉപയോഗിച്ച സ്റ്റേഷനറി, നീക്കി ബാക്കി എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. മാന്വൽ രശീതികൾ ഉപയോഗിക്കാത്തതിനാലാണ് അവ സൂക്ഷിക്കാത്തത് എന്ന് അറിയിച്ചു. മാന്വൽ, സാംഖ്യ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലഭിച്ച, ഉപയോഗിച്ച രശീതികളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സബല റിസോഴ്സ് സെന്ററിന് വൈദ്യുതി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സി.ഡി.പി.ഒ. ഓഫീസിന്റെ രണ്ടാം നിലയിൽ 2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 1000000 രൂപ അടങ്കലിൽ ആരംഭിച്ച (പ്രൊജക്ട് നമ്പർ-28 /15) സബല റിസോഴ്സ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി 21-6-2015 ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കുകയോ വൈദ്യുതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി 8,99,116 രൂപയ്ക്ക് മൂല്യ നിർണ്ണയം നടത്തി കരാറുകാരനായ ശ്രീ. എം. ഹംസ എന്നവർക്ക് തുക നൽകിയിട്ടുണ്ട്. (ബിൽ നമ്പർ- 15/ 15-16, തി-1-12-2015) പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ വൈദ്യുതീകരണം ഉൾപ്പെടുത്തുകയും 75000 രൂപ വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ ടി- പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. ഇക്കാരണത്താൽ സബല റിസോഴ്സ്

സെൻറർ നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. മാത്രമല്ല പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ടൈൽസ് പതിക്കൽ തുടങ്ങിയ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചതിന് ശേഷം വയറിംഗ് ചെയ്യുന്നതിന് വേണ്ടി ചുമരുകൾ വീണ്ടും പൊളിക്കുന്ന അവസ്ഥയാണ് 10-3-17 ന് സ്ഥല പരിശോധനയിൽ കാണാനായത്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. പദ്ധതി കൊണ്ട് വിഭാവനം ചെയ്തിട്ടുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമല്ല.

2. ഒരു കെട്ടിട നിർമ്മാണ പ്രൊജക്ട് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തി ചെയ്യണമോ, അതെല്ലാം പ്രൊജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്നും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം ഈ പ്രവൃത്തികൾ ചെയ്യണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ നിർദ്ദേശിച്ചതാണ്. ടി നിർദ്ദേശം പാലിച്ചിട്ടില്ല.

3. നെയിം ബോർഡ് സ്ഥാപിക്കുന്നതിന് 2000 രൂപ മൂല്യ നിർണയം നടത്തി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ബോർഡ് സ്ഥാപിച്ചതായി സ്ഥല പരിശോധന സമയത്ത് കാണാനായില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 7 /13-3-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും സബല റിസോഴ്സ് സെൻറർ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്. നെയിം ബോർഡ് വകയിൽ മൂല്യ നിർണയം നടത്തിയ 2000 രൂപ ഉത്തരവാദിയായ അസി. എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പടിഞ്ഞാറെക്കര ഗോമുഖം എസ്.സി. കോളനി ഭൂസംരക്ഷണം - അധിക ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എക്സി.എഞ്ചിനീയർ,

പ്രൊജക്ട് നമ്പർ-59/16

സാങ്കേതികാനുമതി- 1000000 രൂപ

കരാറുകാരൻ - ശ്രീ. ടി.വി. ഷാജേഷ് (11.9% below)

എഗ്രിമെന്റ് നമ്പർ- 228/ 15-16, തി- 8-9-2015

ബിൽ നമ്പർ- 31 /15-16, തി- 19-3-16, 881000 രൂപ

എം. ബുക്ക് നമ്പർ-AEE- 17/15-16

മേൽ പ്രൊജക്ടിന്റെ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം ഭൂസംരക്ഷണ പ്രവൃത്തിയുടെ ഒന്നാം ഇനമായി മണ്ണ് കിളച്ച് മാറ്റലും രണ്ടാം ഇനമായി സിമന്റ് ഉൾപ്പെടുത്തിയുള്ള കരിങ്കൽ കെട്ടും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഒന്നാം ഇനമായി ഫൗണ്ടേഷൻ കെട്ടുന്നതിന് വേണ്ടി 97.18 m3 മണ്ണ് കിളച്ച് മാറ്റിയിട്ടുണ്ട്. രണ്ടാം ഇനമായി 199.09 m3 അളവിൽ സിമന്റ് ഉൾപ്പെടുത്തിയുള്ള കരിങ്കൽ കെട്ടിയതിൽ 97.18 m3 അളവിൽ ചെയ്തിട്ടുള്ളത് ഫൗണ്ടേഷന് വേണ്ടിയും ബാക്കി സൂപ്പർ സ്ട്രക്ചറിന് വേണ്ടിയുമാണ്. ഇക്കാര്യം അളവ് പുസ്തകം പേജ് 12 മുതൽ 21 വരെ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഫൗണ്ടേഷന് ഡി.ആർ. കെട്ടിന് പകരം ആർ. ആർ. കെട്ട് ചെയ്തതിനാൽ താഴെ കൊടുത്തിട്ടുള്ള വിധം അധിക ചെലവ് വന്നിട്ടുണ്ട്.

| ഫൗണ്ടേഷന് ആർ. ആർ. കെട്ട് ചെയ്ത അളവ് | നൽകിയ നിരക്ക് | മൂല്യ നിർണയം നടത്തിയ തുക | ഡി.ആർ. കെട്ടിന് അനുവദനീയമായ നിരക്ക് | അനുവദനീയമായ തുക | അധികം |
|---|---|---|---|---|---|
| 97.18 m3 | 5112.34 /m3 | 496817 | 3306.18 /m3 | 321295 | 175522 |

ഒരു അടിയോ ഒന്നര അടിയോ മാത്രം ഉയരത്തിൽ സൂപ്പർ സ്ട്രക്ചർ കെട്ടുന്നതിന് അസ്ഥിവാരത്തിൽ സിമന്റ് ചേർത്തുള്ള കരിങ്കൽ കെട്ടിന്റെ ആവശ്യമില്ല. അധികച്ചെലവിന് വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് നൽകിയ 8/13-3-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല കരിങ്കൽ കെട്ടിന്റെ ഗുണനിലവാരം കുറവായിരുന്നുവെന്ന് 13-3-17 ന് നടത്തിയ സ്ഥല പരിശോധന സമയത്ത് കോളനിവാസികൾ പരാതിപ്പെടുകയും കരിങ്കൽ കെട്ട് പല ഭാഗങ്ങളിലും പൊളിഞ്ഞതായും കാണപ്പെട്ടു. ഫൗണ്ടേഷൻ കെട്ടുന്നതിന് ഡി.ആർ. കെട്ടിന് പകരം ആർ. ആർ. കെട്ട് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറും സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയറും മേൽ അധിക ചെലവിന് തുല്യ ഉത്തരവാദികളാണ്. അധിക ചെലവ് 175522 രൂപ മേൽ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 ഒറ്റ പ്രൊജക്ടായി നിർവ്വഹണം നടത്തേണ്ട പ്രവൃത്തികൾ വ്യത്യസ്ത പ്രൊജക്ടുകളായി നടപ്പാക്കി.

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെ കൊടുത്തിട്ടുള്ള പദ്ധതികൾ ഒറ്റ പ്രൊജക്ടായി നിർവ്വഹണം നടത്തേണ്ടതായിരുന്നു. എന്നാൽ ടി-പ്രൊജക്ടുകൾ വ്യത്യസ്ത പ്രൊജക്ടുകളായി ഏറ്റെടുത്ത് നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരേ റോഡിലോ ഒരേ സൈറ്റിലോ ഉള്ള പ്രവൃത്തികളാണ് വ്യത്യസ്ത പ്രൊജക്ടുകളായി തയ്യാറാക്കി നടപ്പാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് തുക | കരാറുകാരൻ |
|---|---|---|---|---|---|
| 1 | 39 /16 | കുറുമ്പടി കാസിം ഹാജി കുടിവെള്ള ടാങ്ക്. | 1309181 | 1309181 | ശ്രീ. എം. മുസ്തഫ |
| | 65/16 | കുറുമ്പടി കാസിം ഹാജി കുടിവെള്ള പദ്ധതിപൈപ്പ് ലൈൻ സ്ഥാപിക്കൽ-തുടർച്ച. | 446961 | 446961 | ശ്രീ. എം. മുസ്തഫ |
| | 97/16 | കുറുമ്പടി കാസിം ഹാജി കുടിവെള്ള പദ്ധതി പൂർത്തീകരണം . | 300000 | നടപ്പാക്കിയിട്ടില്ല. | ശ്രീ. എം. മുസ്തഫ |
| 2 | 41/16 | കാന്നൂർ കായൽ പാടം കല്ലോവ് റോഡിന് കുറുകെ പാലം. | 622477 | 622477 | ശ്രീ. കെ. കറപ്പൻ. |

| | | | | | |
|---|---|---|---|---|---|
| | 87 /16 | കാന്തൂർ കായൽ പാടം കല്ലോവ് റോഡിന് കുറുകെ പാലം. | 386260 | 386260 | ശ്രീ. കെ. കറപ്പൻ. |
| 3 | 47 /16 | തലക്കാട് പി.എച്ച്.സി. റോഡ് മെറ്റലിംഗ് ടാറിംഗ്. | 487768 | 487768 | ശ്രീ. കൃഷ്ണൻ കുട്ടി. |
| | 53/16 | തലക്കാട് പി.എച്ച്.സി. റോഡ് മെറ്റലിംഗ് ടാറിംഗ്. (രണ്ടാം ഘട്ടം) | 418044 | 418044 | ശ്രീ. ടി.വി. ഷാജേഷ്. |
| 4 | 34/ 16 | വാളമരുതൂർ ഡാം സൈറ്റ് കൾവർട്ട് നിർമ്മാണം | 497639 | 497639 | ശ്രീ. രഘുരാജ്. കെ. |
| | 73 /16 | വാളമരുതൂർ ഡാം സൈറ്റ് കൾവർട്ട് നിർമ്മാണം പൂർത്തീകരണം . | 450000 | നടപ്പാക്കിയിട്ടില്ല. | |
| 5 | 46 /16 | ബ്ലോക്ക് പഞ്ചായത്ത് ഓപ്പൺ സ്റ്റേജ് പൂർത്തീകരണം, | 250000 | 250000 | ശ്രീ. കെ. കറപ്പൻ. |
| | 88/16 | ബ്ലോക്ക് പഞ്ചായത്ത് ഓപ്പൺ സ്റ്റേജ് വിപുലീകരണം. | 226335 | 105327 | ശ്രീ. കെ. കറപ്പൻ. |
| 6 | 44/ 16 | ആലത്തിയൂർ സി.ഡി.പി.ഒ. ഓഫീസ് തറ നില പൂർത്തീകരണം. | 1400000 | 1400000 | ശ്രീ. എ.വി.ബൈജു. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | 94/16 | ആലത്തിയൂർ സി.ഡി.പി.ഒ. ഓഫീസിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 300000 | 295544 | ശ്രീ. എ.വി.ബൈജു |

ഒറ്റ പ്രൊജക്ടായി നടപ്പാക്കാവുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിന് വ്യത്യസ്ത പ്രൊജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 കുറുമ്പടി കാസിം ഹാജി കുടിവെള്ള പദ്ധതി- നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2013-14 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മംഗലം ഗ്രാമ പഞ്ചായത്തിലെ കുറുമ്പടി പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ആരംഭിച്ച മേൽ പദ്ധതിക്ക് വേണ്ടി താഴെ കൊടുത്തിട്ടുള്ള വിധം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ പദ്ധതി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാകത്തക്ക രീതിയിൽ പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേർ | ചെലവ് തുക | ഫണ്ടിനം | ബിൽ നമ്പർ |
|---|---|---|---|---|
| SOO39 /16 | കുറുമ്പടി കാസിം ഹാജി കുടിവെള്ള ടാങ്ക്.<br>അടങ്കൽ-1500000<br>പ്ലാൻ- 1050000<br>മംഗലം ഗ്രാമ പഞ്ചായത്ത് വിഹിതം- 450000 | 156412 (പാർട്ട് ബിൽ)<br>1309181 (ഫൈനൽ ബിൽ) | ബ്ലോ. പ. (പ്ലാൻ)<br>450000 (പഞ്ചായത്ത് വിഹിതം)<br>859181<br>ബ്ലോ. പ. (പ്ലാൻ) | 1/2014-15,<br>2-2-15<br>ചെക്ക് നമ്പർ- 142734/29-3-16<br>37 /15-16,<br>31-3-16 |
| S0065/16 | കുറുമ്പടി കാസിം ഹാജി കുടിവെള്ള പദ്ധതി വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>അടങ്കൽ- 500000 | 446961 | പ്ലാൻ | 47/15-16,<br>31-3-16 |

| | | | | |
|---|---|---|---|---|
| | | | | |
| | ആകെ- | 19, 12,554 | | |

മുൻ വർഷങ്ങളിൽ മംഗലം ഗ്രാമ പഞ്ചായത്ത് നിർമ്മിച്ച കിണറിനോട് ചേർന്ന് മേൽ തുക ചെലവഴിച്ച് 40,000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് സ്ഥാപിച്ചതായും പമ്പിംഗ് മെയിൻ, മോട്ടോർ പമ്പ് സെറ്റ്, വിതരണ ലൈൻ എന്നിവ സ്ഥാപിച്ചതായും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയതായും 14-3-17 ന് സ്ഥല പരിശോധനയിൽ ബോധ്യമായി. എന്നാൽ പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യേണ്ടതും ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കേണ്ടതുമാണ്. അതോടൊപ്പം ടാങ്ക്, കിണർ എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം പ്രത്യേക ബോർഡ് വെച്ച് വേലി കെട്ടി സംരക്ഷിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് നിയമാനുസൃതം കൈമാറേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിന്റ ആസ്തിയിൽ മേൽ കുടിവെള്ള പദ്ധതിയെ ഉൾപ്പെടുത്തിയതിന്റെയും തുടർ നടത്തിപ്പിനായി ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറിയതിന്റെയും വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ തന്നെ അറിയിക്കേണ്ടതാണ്.



## 3-5 കാന്തൂർ കായൽപാടം കല്ലോവ് തോടിന് കുറുകെ പാലം- അപ്രോച്ച് റോഡ് നിർമ്മിച്ചിട്ടില്ല.

2015-16 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ കൊടുത്തിട്ടുള്ള വിധം 10,08,737 രൂപ ചെലവഴിച്ച് കാന്തൂർ കായൽപാടം കല്ലോവ് തോടിന് കുറുകെ പാലം നിർമ്മിച്ചിട്ടുണ്ട്. പാലം നിർമ്മാണവും ഇരു വശത്തും പാലത്തിനോട് ചേർന്ന് കരിങ്കൽ കെട്ടുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത്. എന്നാൽ അപ്രോച്ച് റോഡ് നിർമ്മാണം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയോ റോഡ് നിർമ്മിക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ പാലം ഗതാഗത യോഗ്യമായിട്ടില്ല.

ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | പേര് | അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 41/16 | കാന്തൂർ കായൽ പാടം കല്ലോവ് റോഡിന് കുറുകെ പാലം.<br>കരാറുകാരൻ- ശ്രീ. കെ.കറപ്പൻ. | 622477 | 622477 |
| 87 /16 | കാന്തൂർ കായൽ പാടം കല്ലോവ് റോഡിന് കുറുകെ പാലം.<br>കരാറുകാരൻ- ശ്രീ. കെ.കറപ്പൻ. | 386260 | 386260 |
| | ആകെ- | | 10,08,737 |

അപ്രോച്ച് റോഡ് നിർമ്മിച്ച് പാലം ഗതാഗത യോഗ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഭാഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

തിരൂർ ഐ.സി.ഡി.എസ്. അഡീഷണൽ പ്രൊജക്റ്റ് ഓഫീസ്, ആലത്തിയൂരിന് പരിശീലന ഹാൾ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ-71/ 16, അടങ്കൽ-15 ലക്ഷം) ആലത്തിയൂർ സി.ഡി.പി.ഒ. ഓഫീസിന്റെ ഒന്നാം നിലയിൽ പ്രവൃത്തി ആരംഭിച്ചു. അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം കോളം വർക്ക് ചെയ്ത് റൂഫ് സ്ലാബ്, സിമന്റ് കട്ട കൊണ്ടുള്ള പടവ്, സ്റ്റെയർകേസ് പടവ് എന്നിവയാണ് പ്രൊജക്റ്റിൽ ഉൾപ്പടുത്തിയിട്ടുള്ളത്. 13-3-17 ന് ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ റൂഫ് സ്ലാബ് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സിമന്റ് കട്ട കൊണ്ടുള്ള പടവ് ഭാഗികമായി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള സിമന്റ് കട്ട കൊണ്ടുള്ള പടവ് പൂർത്തിയാക്കാതെയാണ് കരാറുകാരനായ ശ്രീ. എം. അർജ്ജുൻ എന്നയാൾക്ക് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. (ബിൽ നമ്പർ-40/15-16, 31-3-16, 13,15,501രൂപ). പ്രവൃത്തിയുടെ പൂർത്തീകരണത്തിന് തുടർന്നുള്ള വർഷങ്ങളിൽ കരാറിൽ ഏർപ്പെടുമ്പോൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ മേൽ ഇനം വർക്കിന്റെ നിർവഹണത്തിന് അധിക തുക നൽകേണ്ടിവന്നാൽ ടി നഷ്ടം നിലവിൽ പ്രവൃത്തി ചെയ്ത കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഭാഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ തന്നെ പൂർത്തീകരിക്കാനായില്ല. കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, ഇലക്ട്രിഫിക്കേഷൻ, സാനിറ്റേഷൻ, ഫ്ലോറിംഗ് വർക്കുകൾ മറ്റ് അനുബന്ധ വർക്കുകൾ എന്നിവയൊന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതിനാൽ പരിശീലന ഹാൾ എന്ന പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഒരു കെട്ടിട നിർമ്മാണ പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രൊജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്നും തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അങ്ങിനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ലെന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹു വർഷ പ്രൊജക്റ്റായി ഏറ്റെടുക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയതാണ്.

സർക്കാർ നിർദ്ദേശം പാലിക്കാതെ ഭാഗികമായ പ്രൊജക്റ്റ് തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-7 കാലാവധിക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പൂർത്തീകരണ കാലാവധിക്കകം ടി- പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ടി- കരാറുകാർ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അപേക്ഷ നൽകുകയോ ബ്ലോക്ക് പഞ്ചായത്ത് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് ഗ്രേസ് പീരിയഡ് അനുവദിക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത കരാറുകാരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടതായ പിഴ ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | എഗ്രിമെന്റ് തിയതി | പൂർത്തീകരിക്കേണ്ട തിയതി | അവസാന അളവെടുപ്പ് നടത്തിയ തിയതി /പൂർത്തീകരിച്ച തിയതി. | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| ആലത്തിയൂർ സി.ഡി.പി.ഒ. ഓഫീസ്- ഒന്നാം നില പൂർത്തീകരണം. പ്രൊ. നം.104/15 എഗ്രിമെന്റ് തുക 1400000 ബിൽ നമ്പർ- 16/15-16, 1-12-15, എം.ബുക്ക്- 106/14-15, പേജ്- 39 | ശ്രീ.എ.വി. ബൈജു. | 21-1-15 | 31-3-15 | 10-6-15 | 1400000*1/100* 70/90= 10889 |
| സബല റിസോഴ്സ് സെന്റർ നിർമ്മാണം പ്രൊ.നം.28/15 എഗ്രിമെന്റ് തുക 1000000 | ശ്രീ.എം. മുസ്തഫ. | 21-1-15 | 31-3-15 | 18-6-15 | 1000000*1/100* 78/90= 8667 |

| | | | | | |
|---|---|---|---|---|---|
| ബിൽ നമ്പർ- 15/ 15-16, 1-12-15 എം. ബുക്ക്- 108/14-15, പേജ്- 36. | | | | | |
| ബ്ലോക്ക് പഞ്ചായത്ത് ഓപ്പൺ സ്റ്റേജ് പൂർത്തീകരണം, പ്രൊ.നം.106/15 എഗ്രിമെന്റ് തുക- 250000 ബിൽ നമ്പർ- 43/15-16, 31-3-16 എം. ബുക്ക്- 6/15-16, പേജ്- 23 | ശ്രീ.കെ. കറപ്പൻ. | 21-1-15 | 31-3-15 | 23-6-15 | 250000* 1/100* 83/90= 2305 |
| കുമ്പടി കാസിം ഹാജി കടിവെള്ള പദ്ധതി ടാങ്ക്. പ്രൊ.നം.77/15 എഗ്രിമെന്റ് തുക 1500000 ബിൽ നമ്പർ- 37/15-16, | ശ്രീ. എം. മുസ്തഫ. | 21-1-15 | 31-3-15 | 23-3-16 | 1-4-15 മുതൽ 30-6-15 വരെ 1500000*1%=15000 1-7-15 മുതൽ 30-9-15 വരെ 1500000*2%= 30000 1-10-15 മുതൽ |

| | | | | | |
|---|---|---|---|---|---|
| 31-3-16<br>എം. ബുക്ക്-<br>77/14-15,<br>പേജ്-48. | | | | | 31-12-15 വരെ<br>15000*2%=30000<br>1-1-16 മുതൽ 23-3-16 വരെ<br>1500000*2/100*81 /90=27000<br>ആകെ-102000 |

മൊത്തം- 1,23,861

നിയമാനുസൃതം കുറവ് വരുത്തേണ്ട പിഴ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 123861 രൂപ ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 ഗ്യാസ് ക്രിമറ്റോറിയം - മലിനീകരണ നിയന്ത്രണ ബോർഡിൽ അടവാക്കിയ തുക എം.എൽ.എ.ഫണ്ടിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഐഐഐപുറത്തൂർ പഞ്ചായത്തിൽ MLA ഫണ്ട് ഉപയോഗിച്ച് ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്ന പ്രവൃത്തി തുടങ്ങുന്നതിന് മുമ്പായി, ആയതിനുള്ള അനുമതിക്കായി മലിനീകരണ നിയന്ത്രണ ബോർഡിന് നൽകുന്നതിനായി 65,000 രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട് (Sankhya Vr.No.21500059/23-4-15, 23,855 രൂപ, ഉത്തരവ് നമ്പർ:B.1495/13, 17-4-15, 41,145രൂപ). ആയത് സംബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1.ടി തുക മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയതിന്റെ വിവരങ്ങൾ

2. ടി തുക MLA ഫണ്ടിൽ നിന്നും തിരികെ ഈടാക്കാവുന്നതാണെന്ന് സെക്രട്ടറിയുടെ17-4-15ലെ B.1495 നമ്പർ ഉത്തരവിലുണ്ട്. ആയത് പ്രകാരം തുക തിരികെ ലഭ്യമായോ?

മേൽ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക, 65,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 മുൻകൂറായി തുക പിൻവലിച്ചു, ആയത് നാളിതുവരെ വിതരണം ചെയ്തില്ല

പ്രൊജക്റ്റ് : ഐ.എ.വൈ(ജനറൽ)

പ്രൊജക്റ്റ് നമ്പർ : 08/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഫണ്ട് : വികസന ഫണ്ട് (ജനറൽ)

മേൽ പ്രൊജക്റ്റ് പ്രകാരം 132 ഗുണഭോക്താക്കൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിനായി പിൻവലിച്ച 41,80,000 രൂപയിൽ (131 പേർക്ക് 31600 രൂപ വീതവും ഒരാൾക്ക് 40,400രൂപയും) ചുവടെ കൊടുത്തിരിക്കുന്ന മൂന്ന് പേർക്കുള്ള തുക നാളിതുവരെയും വിതരണം ചെയ്തിട്ടില്ലെന്ന് കാണുന്നു (Try.Bill No.23/15-16,

തീയതി:11-12-15).

1.ശ്രീമതി സൈനബ, W/o ഷഫീഖ്, കുണ്ടാണി(H), പുറത്തൂർ.

2.ശ്രീമതി പ്രേമ, W/o സുബ്രഹ്മണ്യൻ, നാലുപുരക്കൽ(H), ബി.പി.അങ്ങാടി, തലക്കാട്.

3.ശ്രീമതി ഫാത്തിമ, W/o കുഞ്ഞിമരക്കാർ, ഏനിന്റെ പുരക്കൽ, തലക്കാട്.

12-4-2006ലെ സ.ഉ(പി)177/06/ധനം പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻകൂറായി തുക പിൻവലിക്കരുതെന്നും അപ്രകാരം പിൻവലിക്കുന്ന തുകകൾ അതേ സാമ്പത്തിക വർഷം തന്നെ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾക്കായി പിൻവലിച്ച 94,800 (31600x3) നാളിതുവരെയും തിരികെ അടച്ചിട്ടില്ല. ആയത് ഉടൻ തിരികെ അടവാക്കേണ്ടതാണ്.

## 3-10 വിവിധ സ്ഥാപനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും വിവിധ സ്ഥാപനങ്ങൾക്ക് വിവിധ പ്രൊജക്ടുകൾക്കായി ബ്ലോക്ക് വിഹിതം ഇനത്തിൽ നൽകിയ തുകകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ/തീയതി | തുക | പ്രൊജക്ട്/നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ (DD No) |
|---|---|---|---|
| 44/16-3-16 | 1,00,000 | ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടത്തിന് വിഹിതം നൽകൽ(16/16) | 190268/16-3-16 |
| 56/28-3-16 | 40,245 | IKMന് വിഹിതം(103/16) | 192240/6-4-16 |
| 45/16-3-16 | 2,00,000 | Kidney patients welfare societyക്ക് ധനസഹായം(102/16) | 190267/21-3-16 |
| 40/16-3-16 | 10,75,000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(23/16) | 190270,190273, 190275,190277, 190281,190284/21-3-16 |
| 41/16—3-16 | 4,25,000 | വികലാംഗർക്ക് മുച്ചക്ര സ്കൂട്ടർ - പഞ്ചായത്തുകൾക്ക് വിഹിതം(22/16) | 190274, 190276, 190280/21-3-16 |

| | | | |
|---|---|---|---|
| 39/16-3-16 | 4,50,000 | പരിരക്ഷ പദ്ധതി - ഗ്രാ.പ.കൾക്ക് വിഹിതം(28/16) | 190271, 190272, 190278, 190282, 190283/21-3-16 |
| 47/16-3-16 | 1,00,000 | പ്രതീക്ഷ പദ്ധതി - ഗ്രാ.പ.കൾക്ക് വിഹിതം(17/16) | 190279/21-3-16 |
| 46/16-3-16 | 1,00,000 | സ്പോർട്സ് കൗൺസിലിന് ധനസഹായം (105/16) | ലഭ്യമല്ല |
| ആകെ = | 24,90,245 രൂപ | | |

ഇപ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. തുക താല്ക്കാലികമായി തടസ്സം ചെയ്യുന്നു.

## 3-11 യാത്രാപ്പടി - കുടിശ്ശിക ക്ലെയിം - സമയപരിധി കഴിഞ്ഞ യാത്രകൾക്കുള്ള തുകകൾ അനുവദിച്ചു നൽകി

മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റ് ശ്രീ. എം.അബ്ദുള്ളക്കുട്ടിയുടെ 1-1-13 മുതൽ 31-12-14 വരെയുള്ള കാലയളവിലെ യാത്രാപ്പടി ബില്ലുകൾ 2015 ഡിസംബർ മാസത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട് (ഫണ്ട് : GPG, വൗച്ചർ തീയതി: 22-1-16, ചെക്ക് നമ്പർ/തീയതി : 3905119/22-1-16, ആകെ തുക = 19,500രൂപ).

Kerala Financial Code ആർട്ടിക്കിൾ 56(B) പ്രകാരം യാത്രാപ്പടി ഇനത്തിലുള്ള കുടിശ്ശിക നല്കുന്നതിനുള്ള സമയ പരിധി, ആയത് ഡ്യൂ ആയ തീയതി മുതൽ 2 വർഷമാണ്. ആയത് പ്രകാരം 2013 നവംബർ വരെയുള്ള ബില്ലുകൾക്കുള്ള സമയപരിധി കഴിഞ്ഞതിനാൽ ടി ഇനത്തിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. തുക തിരികെ ഈടാക്കുകയോ അനുകൂല തീരുമാനത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടതാണ്.

## 3-12 വികസന ഫണ്ടിൽ നിന്നും തുകകൾ പിൻവലിച്ചത്, ചെലവുവിവരം ലഭ്യമല്ല

ചുവടെ കൊടുത്തിരിക്കുന്ന ട്രഷറി ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകൾ ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| Try.Bill No/Date | തുക | Remarks |
|---|---|---|
| 17/24-11-15 | 37,530 | Common facility centre |
| 21/11-12-15 | 10,24,797 | IAY Arrear – 14-15 |
| 48/16-3-16 | 88,706 | Purchase of AC |
| 49/22-3-16 | 88,706 | " " |
| 52/22-3-16 | 1,00,000 | - |
| 57/31-3-16 | 10,600 | Common facility centre |
| 62/31-3-16 | 22,94,714 | Corpus Fund (SC) |

| | | |
|---|---|---|
| ആകെ = | 36,45,053രൂപ | |

ചെലവ് തുക, 36,45,053 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 ജനറൽ പ്രൊജക്ടിനുള്ള വിഹിതത്തിൽ നിന്നും എസ്.സി.പ്രൊജക്ടിനുള്ള തുക പിൻവലിച്ചു

പ്രൊജക്ട് : ഐ.എ.വൈ(ജനറൽ)

പ്രൊജക്ട് നമ്പർ : 08/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഫണ്ട് : വികസന ഫണ്ട്(ജനറൽ)

മേൽ പ്രൊജക്ട് പ്രകാരം 132 ഗുണഭോക്താക്കൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിനായി 11/12/15 തീയതിയിൽ വികസന ഫണ്ടിൽ നിന്നും 41,80,000 രൂപ (Try.Bill No.23/15-16,131 പേർക്ക് 31,600 രൂപ വീതവും ഒരാൾക്ക് 40,400 രൂപയും) പിൻവലിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള 3 പട്ടിക ജാതി ഗുണഭോക്താക്കൾക്കുള്ള തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്.

1.ശ്രീ.അപ്പുണ്ണി, S/o വേലായുധൻ, കോലശ്ശേരി, പുറത്തൂർ.

2.ശ്രീമതി ശുഭ, W/o ദാസൻ, പടുന്നയിൽ(H), മുട്ടന്നൂർ, പുറത്തൂർ.

3.ശ്രീമതി അമ്മുക്കുട്ടി, W/o പരമേശ്വരൻ, കൊളങ്ങരപ്പടി(H), തൃപ്രങ്ങോട്.

ടിയാളുകൾക്കായി 16-3-16 ലെ 37/15-16-ാം നമ്പർ ട്രഷറി ബിൽ പ്രകാരവും ബ്ലോക്ക് വിഹിതത്തിനുള്ള തുക പിൻവലിച്ചിട്ടുണ്ട്. ആയതിനാൽ 23-ാം നമ്പർ ട്രഷറി ബിൽ പ്രകാരം ടിയാളുകൾക്കായി പിൻവലിച്ച 94,800 രൂപ (31600x3) വികസന ഫണ്ടിൽ തിരികെ അടക്കേണ്ടതാണ്.

## 3-14 അംഗൻവാടികളിലേക്ക് ഗ്യാസ് കണക്ഷൻ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട്. S004/16 തുക പ്ലാൻ

ബിൽ 3/23.2.2016 2,34,922

ബിൽ 4/17.3.2016 2,18,748

ആകെ 4,53,670

ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ (CDPO) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തിരൂർ ബ്ലോക്ക് പരിധിയിലെ അങ്കണവാടികളിൽ ഗ്യാസ് കണക്ഷൻ എന്ന പ്രൊജക്ട് പ്രകാരം 2015-16 വർഷം 70 അങ്കണവാടികളിലേക്ക് ഗ്യാസ് സിലിണ്ടർ, സ്റ്റൗ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ കാണിച്ച അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1. 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ്172 പട്ടിക 4 ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായതും, കൂടാതെ സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടി ആയിരിക്കണം പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത് (16.11.2013 ലെ ജി.ഒ (എം.എസ്) 362/2013). എന്നാൽ ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കിയ ഈ പദ്ധതി ഇപ്രകാരമുള്ളതല്ല.

2. ഗ്യാസ് കണക്ഷൻ ആവശ്യമുള്ള അംഗൻവാടികളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ആവശ്യപ്പെട്ടതിന്റെയോ, ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമായതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ICDS സൂപ്പർവൈസർമാർ നൽകിയ ലിസ്റ്റ് ആണ് ഫയലിനോടൊപ്പം നൽകിയിട്ടുള്ളത്. വിവിധ ഗ്രാമ പഞ്ചായത്തുകൾ ഇത്തരം പദ്ധതികൾ മുൻവർഷങ്ങളിൽ നടപ്പിലാക്കിയുണ്ടെന്നതിനാൽ ഗ്രാമ

പഞ്ചായത്തുകളിൽ നിന്ന് ലിസ്റ്റ്, ഗ്യാസ് കണക്ഷൻ മുമ്പ് നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല

3.പ്രൊജക്റ്റ് പ്രകാരം വാങ്ങിയ ഗ്യാസ് സിലിണ്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം, അങ്കണവാടികളുടെ കൈപ്പറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ5/10-3-17 ക്ക് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക 4,53,670 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-15 ഐ.എ.വൈ.വായ്പാ തുക തിരിച്ചടവ് - പലിശ ഇനത്തിൽ അടവാക്കിയ തുക സർക്കാരിൽ നിന്നും recoup ചെയ്യേണ്ടതാണ്.

ഐ.എ.വൈ.വായ്പാ ഇനത്തിൽ MDC ബാങ്കിൽ നിന്നും 18-1-14 ന് അനുവദിച്ച 58,10,000 രൂപയുടെ തിരിച്ചടവായി മുതലും പലിശയും ഉൾപ്പെടെ 2015-16 വരെ ആകെ 68,38,337 രൂപ അടവാക്കിയിട്ടുണ്ട്. (ടി Loan Account 11-4-16 ന് ക്ലോസ് ചെയ്തു). ഐ.എ.വൈ.പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബാങ്കുകളിൽ നിന്നെടുക്കുന്ന വായ്പയുടെ പലിശ സർക്കാർ തിരിച്ചടക്കുന്നതാണെന്ന് 14-3-13ലെ ജി.ഒ.(എം.എസ്)നം.90/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ പരാമർശിച്ച പ്രകാരം അടവാക്കിയ 68,38,337 രൂപയിൽ വായ്പാ തുകയായ 58,10,000 രൂപ കഴിച്ചുള്ള തുക, 10,28,337 രൂപ സർക്കാരിൽ നിന്നും തിരികെ ലഭിക്കാൻ അവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ഐ.എ.വൈ (പട്ടികജാതി) പ്രൊജക്റ്റ് - തുക പിൻവലിച്ചതിലെ അപാകതകൾ

2015-16 വർഷത്തിലെ IAY (SC) പ്രൊജക്റ്റ് പ്രകാരം തൻ വർഷത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം 3 തവണകളായി ട്രഷറിയിൽ നിന്നും തുകകൾ പിൻവലിച്ചിട്ടുണ്ട് (ആകെ ഗുണഭോക്താക്കൾ = 80)

| പ്രൊജക്റ്റ് നമ്പർ | Try.Bill No/തീയതി | തുക | Remarks |
|---|---|---|---|
| 18/16 | 37/15-16,16-3-16 | 25,60,000 | ബ്ലോക്ക് വിഹിതം, 80 പേർക്ക് 32,000 രൂപ വീതം |
| 19/16 | 38/15-16, 16-3-16 | 25,33,000 | സംസ്ഥാന വിഹിതം |
| 106/16 | 59/15-16, 31-3-16 | 15,68,000 | ബ്ലോക്ക് വിഹിതം, 49 പേർക്ക് 32,000 വീതം |

ആയതിന്റെ ചെലവുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. ഐ.എ.വൈ.സംസ്ഥാന വിഹിതം നൽകുന്നതിനാണ് 25,33,000 രൂപ പിൻവലിച്ചിട്ടുള്ളത്. പ്രൊജക്റ്റിൽ വകയിരുത്തിയിട്ടുള്ളത് 79 ഗുണഭോക്താക്കൾക്ക് 32,000 രൂപ നിരക്കിലും ഒരാൾക്ക് 5,000 രൂപ നിരക്കിലും തുകകൾ നൽകാനാണ്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ, എല്ലാവർക്കും 50,000 രൂപ നിരക്കിൽ തുകകൾ നൽകിയതാണ് കാണുന്നത്. ഇത് സാധ്യമായതെങ്ങനെ എന്ന് വ്യക്തമാക്കേണ്ടതാണ്.

2. 37-ം നമ്പർ ബിൽ പ്രകാരം25,60,000 രൂപ പിൻവലിച്ചത് ആകെയുള്ള 80 ഗുണഭോക്താക്കൾക്കും ബ്ലോക്ക് വിഹിതം നൽകാനാണ്. അതിൽപെട്ട 49 പേർക്ക് വേണ്ടി 59-ം നമ്പർ ബിൽ പ്രകാരം വീണ്ടും 15,68,000 രൂപ പിൻവലിച്ചതായി കാണുന്നു. എല്ലാ ഗുണഭോക്താക്കൾക്കുമായി ബ്ലോക്ക് വിഹിതം ആദ്യമേ തന്നെ പിൻവലിച്ചിട്ടും വീണ്ടും തുക പിൻവലിച്ചതെന്തിനെന്ന് വ്യക്തമല്ല. അധികമായി പിൻവലിച്ച 15,68,000 രൂപ വികസനഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 3-17 മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല

ചുവടെ കൊടുത്തിരിക്കും പ്രകാരം നൽകിയ മുൻകൂർ തുകകളുടെ ക്രമീകരണ വിവരം അറിയിക്കേണ്ടതാണ് (ഫണ്ട് :GPG)

| തുക | വൗച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ/തീയതി | നൽകിയത് | ഉദ്ദേശ്യം |
|---|---|---|---|---|
| 24,000 | 21500564/1-10-15 | 0064312/1-10-15 | General Extenstion Officerക്ക് | Expense for vayojanasamgamam & ceremony for various projects |
| 15,000 | ലഭ്യമല്ല (മാസം 8/15) | 1000374/19-8-15 | Women Welfare Officerക്ക് | IRDP വിപണന മേള |

ചെലവ് തുക താല്ക്കാലികമായി തടസ്സം ചെയ്യുന്നു.

## 3-18 ബ്ലോക്ക് വിഹിതം നൽകിയ ഗുണഭോക്താക്കളുടെ പേരിൽ തന്നെ വീണ്ടും അതേ ഇനത്തിൽ തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചു.

പ്രൊജക്റ്റ് : ഐ.എ.വൈ(ജനറൽ)

പ്രൊജക്റ്റ് നമ്പർ : 08/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഫണ്ട് : വികസന ഫണ്ട്(ജനറൽ)

മേൽ പ്രൊജക്റ്റിനായി 2015-16 വർഷത്തിൽ യഥാക്രമം 19,20,000 രൂപയും 41,80,000 രൂപയും ബ്ലോക്ക് വിഹിതം ഇനത്തിൽ പിൻവലിച്ചിട്ടുണ്ട് (Try. Bill Nos.1/15-16, 13-7-15, 23/15-16,11-12-15). ഇതിൽ ആദ്യം പിൻവലിച്ച 19,20,000 രൂപ 60 ഗുണഭോക്താക്കൾക്ക് 32,000 രൂപ വീതം വിഹിതം നൽകുന്നതിനായിരുന്നു. രണ്ടാമതായി പിൻവലിച്ച 41,80,000 രൂപ 131 ഗുണഭോക്താക്കൾക്ക് 31,600 രൂപ വീതവും ഒരാൾക്ക് 40,400 രൂപയും നൽകുന്നതിനുള്ളതായിരുന്നു. ഇതിൽ ഒന്നാമത്തെ ബിൽ പ്രകാരം പിൻവലിച്ച് തുക നൽകിയ 60 പേർക്കായി രണ്ടാമത്തെ ബിൽ പ്രകാരവും തുക പിൻവലിച്ചതായി കാണുന്നു. ഇപ്രകാരം 60 പേർക്കായി അധികമായി പിൻവലിച്ച 18, 96,000 രൂപ (60 x 31600) വികസന ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

## 3-19 വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റ് നം. S0002/16 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിരതാമസക്കാരായ ചുരുങ്ങിയത് ഒരു പശുവെങ്കിലുമുള്ള, ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക്, ലിറ്ററിന് 3 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകാൻ ലക്ഷ്യമിട്ടിരുന്നു. വികസന ഫണ്ട് 6 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. (ട്രഷറി ബിൽ നം. 1/ 15-16/ 30.03.16 ).

മംഗലം, തിരുന്നാവായ, പുറത്തൂർ, വെട്ടം, തൃപ്രങ്ങോട്, തലക്കാട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 5 ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളന്ന 12 ക്ഷീര കർഷക ഗ്രൂപ്പുകളിലായി 135 ക്ഷീര കർഷകർക്ക് 591300 സബ്സിഡി നൽകുകയും 8700 രൂപ നിർവ്വഹണ ചെലവുമായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്റ്റ് നിർവഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) ഈ ആനുകൂല്യം വിതരണം ചെയ്ത 135 ക്ഷീരകർഷകരുടെ ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2)ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്ഷീര കർഷക സഹകരണ സംഘങ്ങളുമായി കരാർ ചമച്ചിട്ടില്ല.

3) ഈ പ്രോജക്റ്റിലെ ഖണ്ഡിക നമ്പർ 28 പ്രകാരം കാലിത്തീറ്റ വിതരണം ചെയ്യുന്ന ഗുണഭോക്താക്കൾ 50,000 രൂപയിൽ താഴെ വരുമാനമുള്ളവർ ആയിരിക്കണമെന്നും ചെറുകിട നാമമാത്ര കർഷകർ ആയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ റേഷൻ കാർഡ് പ്രകാരം APL വിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾ വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

4) ഈ പദ്ധതി പ്രകാരം 5 ക്ഷീര കർഷക സഹകരണ സംഘങ്ങൾക്ക് തുക ഡി.ഡി യായി നൽകിയിട്ടുണ്ടെങ്കിലും കാലിത്തീറ്റ വാങ്ങിയതിന്റെ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-1/7-3-17 ന് നൽകിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ ലിസ്റ്റിന്റെയടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് അറിയിച്ചു. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നത് വരെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ് തുക 6,00,000 രൂപ തടസ്സം ചെയ്യുന്നു.

## 3-20 <u>സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങി</u>

നിർവ്വഹണം-മെഡിക്കൽ ഒഫീസർ (CHC Vettom)

പ്രോജക്ട്-പാലിയേറ്റീവ് സംഘടനകൾക്ക് ഉപകരണങ്ങൾ വാങ്ങൽ

(SOO75/16)

ചെലവഴിച്ച തുക-2,00,000

ബിൽ നമ്പർ-17/15-16/21-3-16

ബ്ലോക്ക് പഞ്ചായത്തിൽ മെഡിക്കൽ ഒഫീസർ നിർവ്വഹണം (CHC Vettom) നടത്തിയ പാലിയേറ്റീവ് സംഘടനകൾക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം കരുണ പാലിയേറ്റീവ് അസോസിയേഷൻ മംഗലം, പി.പി കുഞ്ഞിബാവ മാസ്റ്റർ സ്മാരകാ പാലിയേറ്റീവ് കെയർ എന്നീ യൂണിറ്റുകൾക്കാണ് ഉപകരണങ്ങൾ SIDCO യിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിച്ച് വരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് അവയുടെ പ്രവർത്തനം ബന്ധപ്പെട്ട പി.എം.സി. വിലയിരുത്തി തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടാൽ മാത്രം പാലിയേറ്റീവ് കെയറിനുള്ള അവശ്യ മരുന്നുകളും പാലിയേറ്റീവ് കിറ്റിലുൾപ്പെട്ട സാമഗ്രികളും ബന്ധപ്പെട്ട പി.എം.സി. മുഖേന ഗ്രാമ പഞ്ചായത്തുകൾക്ക് നൽകാവുന്നതാണെന്ന് 2015- സ.ഉ(സാധാ)3217/2015ത.സ്വ.ഭ.വ തിയതി.29-10-15 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖണ്ഡിക 6-1 ൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം യൂണിറ്റുകൾക്ക് മരുന്നുകളും സാമഗ്രികളും നൽകുന്ന പി.എം.സി.കൾ അതു സംബന്ധിച്ച് പ്രത്യേക വിതരണ രജിസ്റ്റർ സൂക്ഷിക്കണമെന്നും യൂണിറ്റുകളുടെ പ്രവർത്തനം പ്രത്യേക അജണ്ടയായി പി.എം.സി. യോഗങ്ങളിൽ ഉൾപ്പെടുത്തി പ്രവർത്തനം വിലയിരുത്തേണ്ടതാണെന്നും ഇത്തരം യൂണിറ്റുകൾ പരിരക്ഷാ പദ്ധതിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ പരിചരണം നൽകുന്ന രോഗികൾക്ക് മരുന്നുകളും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നുവെന്ന് ബന്ധപ്പെട്ട പി.എം.സി.കൾ ഉറപ്പാക്കണമെന്നും മേൽ മാർഗ്ഗ രേഖയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പ്രൊജക്റ്റുകൾ നടപ്പാക്കുക വഴി ഗ്രാമ പഞ്ചായത്ത് നിർവ്വഹിക്കപ്പെടേണ്ട പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്.

2)ഉപകരണങ്ങൾ നൽകിയ കരുണ പാലിയേറ്റീവ് അസോസിയേഷൻ മംഗലം, പി.പി കുഞ്ഞിബാവ മാസ്റ്റർ സ്മാരകാ പാലിയേറ്റീവ് കെയർ യൂണിറ്റ് എന്നീ സംഘടനകൾ ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് റജിസ്ട്രേഷൻ പുതുക്കി വരുന്ന യൂണിറ്റുകളാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

3) യൂണിറ്റുകളുടെ പ്രവർത്തനം പ്രത്യേക അജണ്ടയായി പി.എം.സി. യോഗങ്ങളിൽ ഉൾപ്പെടുത്തി പ്രവർത്തനം വിലയിരുത്തേണ്ടതാണെന്നും ഇത്തരം യൂണിറ്റുകൾ പരിരക്ഷാ പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പരിചരണം നൽകുന്ന രോഗികൾക്ക് മരുന്നുകളും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നുവെന്ന് ബന്ധപ്പെട്ട പി.എം.സി.കൾ സാക്ഷ്യപ്പെടുത്തിയതായി വിവരം ലഭ്യമല്ല.

4) സ.ഉ(സാധാ)3217/2015ത.സ്വ.ഭ.വ തിയതി.29-10-15 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖണ്ഡിക 6-2

പ്രകാരം ഇത്തരം യൂണിറ്റുകൾക്ക് മരുന്നുകളും സാമഗ്രികളും നൽകുന്ന പി.എം.സി.കൾ അതു സംബന്ധിച്ച് പ്രത്യേക വിതരണ രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

5)സ.ഉ(സാധാ)3217/2015ത.സ്വ.ഭ.വ തിയതി.29-10-15 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖണ്ഡിക 6-3 പ്രകാരം ഇത്തരം യൂണിറ്റുകൾക്ക് മരുന്നുകളും സാമഗ്രികളും നൽകുന്ന പി.എം.സി.കൾ അനുബന്ധം 8 പ്രകാരമുള്ള ഫോർമാറ്റിലുള്ള ഒരു റിപ്പോർട്ട് യൂണിറ്റുകളിൽ നിന്നും വാങ്ങേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/9-3-17 ന് നൽകിയ മറുപടിയിൽ അറിവില്ലായ്മ മൂലമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് എന്ന് അറിയിച്ചു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്ത 2,00,000 രൂപ തടസ്സം ചെയ്യുന്നു.

## 3-21 പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ മുമ്പ് അനുവദിച്ച തുക തിരികെ അടച്ച ഗുണഭോക്താവിനായി വീണ്ടും തുക പിൻവലിച്ചു

പ്രൊജക്ട് : ഐ.എ.വൈ(ജനറൽ)

പ്രൊജക്ട് നമ്പർ : 08/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഫണ്ട് : വികസന ഫണ്ട്(ജനറൽ)

മേൽ പ്രൊജക്ടിനായി 13-7-15 ലെ 1-ാം നമ്പർ ബിൽ പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച 19,20,000 രൂപയിൽ, ശ്രീമതി സീനത്ത്, W/o കബീർ, തളനാടത്ത്(H), ചേനപ്പുറം, തിരുനാവായ എന്ന ഗുണഭോക്താവിനുള്ള തുക കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ ടിയാരിക്ക് 8-10-16ന് കേന്ദ്ര വിഹിതം ഇനത്തിൽ അനുവദിച്ച 17,500 രൂപ മാത്രമേ നാളിതുവരെ നൽകിയിട്ടുള്ളൂ. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ടി തുക 2744 രൂപ പലിശ സഹിതം 4-2-17 ന് അവർ തിരികെ അടച്ചിട്ടുമുണ്ട്. ആയതിനാൽ ടിയാരിക്കായി മേൽ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച 32,000 രൂപ വികസനഫണ്ടിൽ തിരികെ അടക്കേണ്ടതാണ്.

## 3-22 വൈദ്യുതി കണക്ഷൻ ലഭിക്കാത്ത സബല റിസോഴ്സ് സെന്ററിലേക്ക് പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവ വാങ്ങി.

പ്രൊജക്ട്. So24/16

തുക( പ്ലാൻ) 2,00,000

ബിൽ 1/11-9-15 .2016

ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ (CDPO) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തിരൂർ ബ്ലോക്ക് സബല റിസോഴ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം 2015-16 വർഷം ലാപ്ട്ടോപ്പ്, പ്രൊജക്ടർ, ഫാൻ, ഫർണീച്ചറുകൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ കാണിച്ച അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. സബല റിസോഴ്സ് സെന്റർ 10-3-2017 ന് ഓഡിറ്റ് ടീം നേരിട്ട് പരിശോധിച്ചതിൽ ഉപകരണങ്ങൾ വാങ്ങി നാളിതുവരെയായിട്ടും വൈദ്യുതി ലഭ്യമാക്കിയിട്ടില്ല. ലാപ്ട്ടോപ്പ്, പ്രൊജക്ടർ, ഫാൻ എന്നിവയുടെ വാറന്റി പിരീഡ് കഴിഞ്ഞിട്ടുണ്ട്. ഫാനുകൾ മറ്റ് ഫർണ്ണിച്ചറുകൾ എന്നിവ CDPO ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. അടിസ്ഥാന ആവശ്യമായ വൈദ്യുതി ലഭ്യമാക്കാതെ പദ്ധതി നടപ്പാക്കിയതായി ബോധ്യപ്പെട്ടു.

2. ടെണ്ടർ നടപടികൾ കൂടാതെ 30-7-15ലെ SMCMJIO133 നമ്പർ ഇൻവോയ്സ് SIDCO യിൽ നിന്നുമാണ് ലാപ്ട്ടോപ്പ്, പ്രൊജക്ടർ എന്നിവ വാങ്ങിയിട്ടുള്ളത്. SIDCO പെന്റാസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാപ്ട്ടോപ്പ്, പ്രൊജക്ടർ എന്നിവ വാങ്ങിയിട്ടുള്ളത്. ബില്ല് ഹാജരാക്കിയിട്ടില്ല. സിഡ്കോയ്ക്ക് കീഴിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉത്പാദിപ്പിച്ച ഫർണീച്ചറുകൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും SIDCO നിർമ്മിക്കാത്ത കമ്പ്യൂട്ടറുകൾ, അവയുടെ അനുബന്ധ ഉപകരണങ്ങൾ എന്നിവ സിഡ്കോയിൽ നിന്നും ടെണ്ടറില്ലാതെ വാങ്ങുവാൻ സർക്കാർ അനുമതിയില്ല. ലാപ്പ് ടോപ്പ്, പ്രൊജക്ടർ എന്നിവ

പർചേയ്സ് ചെയ്തതിന് ACER സൗജന്യമായി നൽകിയ നോട്ട് ബുക്ക് എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല.

3)ലാപ്പ്ടോപ്പ്, പ്രൊജക്ടർ, ഫാൻ, ഫർണീച്ചറുകൾ എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ6/10-3-17 ന് മറുപടി നൽകിയിട്ടില്ല. അടിസ്ഥാന ആവശ്യമായ വൈദ്യുതി ലഭ്യമാക്കാതെ വാങ്ങൽ മാത്രം ലക്ഷ്യമിട്ട് പദ്ധതി നടപ്പാക്കിയത് പൊതുഫണ്ടിന്റെ ദുരുപയോഗമാണ്. ആയതിനാൽ ചെലവ് തുക 2,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് 2015-16 വർഷത്തിൽ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്ന ഈ പദ്ധതി പ്രകാരം സൈക്കിൾ 1 ന് 3750 രൂപ നിരക്കിൽ 97പെൺകുട്ടികൾക്കും 3550 രൂപ നിരക്കിൽ 120 ആൺകുട്ടികൾക്കും സൈക്കിൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ

| | |
|---|---|
| പദ്ധതിയുടെ പേര് | തിരൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 10ാം ക്ലാസിലെ പട്ടിക ജാതി കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ | 63/16 |
| ബിൽ നമ്പർ. 1/19.11.2015 | 5,69,416 |
| ബിൽ നമ്പർ. 2/15.12.2015 | 87,584 |
| ബിൽ നമ്പർ. 3/11.2.2016 | 1,32,750 |
| ആകെ | 7,89,750 |

പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 172 പട്ടിക 4 ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായതും, കൂടാതെ സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടി ആയിരിക്കണം പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത് (16.11.2013 ലെ ജി.ഒ (എം.എസ്) 362/2013). എന്നാൽ ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കിയ ഈ പദ്ധതി ഇപ്രകാരമുള്ളതല്ല.

2)ജി.ഒ.(ആർ.ടി)3172/14ത.സ്വ.ഭ.വ2-12-14 ഉത്തരവിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്തുകൾ

നൽകുന്നവയായിരിക്കണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

3) സൈക്കിൾ വാങ്ങുന്നതിനായി 3750 രൂപ ചെലവഴിച്ച കുമാരി.ഷജിത്ര D/O വിലാസിനി GHSS പുറത്തൂർ എന്ന വിദ്യാർത്ഥി ആധാർ കാർഡിലെ മേൽവിലാസ പ്രകാരം താനൂർ ബ്ലോക്കിലും 3550 രൂപ ചെലവഴിച്ച മാസ്റ്റർ.പ്രണവ് S/o ഉപ്രൻ ചുള്ളിപ്പാറ, GHSS പുറത്തൂർ, തിരൂരങ്ങാടി ബ്ലോക്കിലും സ്ഥിരതാമസക്കാരാണ്.

4) 16.11.2013 ലെ ജി.ഒ (എം.എസ്) 362/2013 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന് നിർദേശിച്ചിരുന്നു. എന്നാൽ സൈക്കിൾ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് വിതരണം ചെയ്യുകയാണ് ചെയ്തത്.

5) സൈക്കിൾ വാങ്ങുന്നതിനായി 3550 രൂപ ചെലവഴിച്ച മാസ്റ്റർ.രഞ്ജിത്ത് S/o ദാസൻ THSS നെല്ലിശ്ശേരി ശുകപുരം എന്ന വിദ്യാർത്ഥി സ്കൂൾ മേധാവി നൽകിയ 10ാം ക്ലാസിസിൽ പഠിക്കുന്ന വിദ്യാർത്ഥിയാണ് എന്ന് തെളിയിക്കുന്ന രേഖ, ജാതി തെളിയിക്കുന്ന രേഖ എന്നിവ ഹാജരാക്കിയിട്ടില്ല.

6) 30-09-2015 ലെ ബ്ലോക്ക് പഞ്ചായത്തിന്റെ തീരമാന പ്രകാരം 3 അൺ എയിഡഡ് വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകിയതായും ആയവ ഇനി തിരിച്ച് വാങ്ങേണ്ടതല്ലെന്നും തീരമാനിച്ചതായി മിനുട്സ് പേജ് 249 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഇപ്രകാരം കാണിച്ചിട്ടില്ല. കൃത്രിമമായി രേഖയുണ്ടാക്കി ഓഡിറ്റിനെ തെറ്റിദ്ധരിപ്പിച്ചത് ശരിയായ നടപടിയല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/8-3-17 ന് മറുപടി നൽകിയിട്ടില്ല. നടപടി ക്രമങ്ങൾ പാലിക്കാതെ സൈക്കിൾ വിതരണം നടത്തിയതിനാൽ ചെലവഴിച്ച തുക 7,89,750 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-24 മരുന്ന് ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിൽ മെഡിക്കൽ ഒഫീസർ നിർവ്വഹണം (CHC Vettom) നടത്തിയ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം KMSCL ന് 12,09,069 രൂപ കൈമാറുകയും 3-5-16 ന് പ്രസ്തുത തുക KMSCL കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിലും നാളിതവരെ മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ

| പ്രോജക്ട് | ബിൽ നമ്പർ/DD നമ്പർ | ചെലവഴിച്ച തുക | മരുന്ന് ലഭ്യമായത് | ഇനിയും ലഭിക്കാനുള്ളത് |
|---|---|---|---|---|
| വെട്ടം,പുറത്തൂർ CHC കളിലേക്ക് മരുന്ന് വാങ്ങൽ (S0003/16) | 26/15-16 തിയതി. 29-3-16, DDNo.192804/11-4-16 | 12,09,069 | 7,54,076 | 4,54,993 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/9-3-17 ന് നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2015-16 | 6412641 | IAY ഭവന പദ്ധതി | 5937000 | 475641 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 11086523 | IAY ഭവന പദ്ധതി | 9705250 | 1381273 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശ്യം – IAY Consortium loan

ഉത്തരവ് നമ്പർ/തീയതി – ലഭ്യമല്ല
വായ്പാ തുക – 58,10,000
ഒ.ബി – ലഭ്യമല്ല
തിരിച്ചടവ് – മുതൽ 36,23,891
പലിശ
ബാക്കി – 4487

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 60-1, | 2000-01 | IV-91 a | വ്യവസായ സംരംഭകർക്ക് അനർഹമായ സാമ്പത്തിക സഹായം 34,405/-രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-2 | 2000-01 | IV-91 b | പട്ടികജാതിക്കാരുടെ വീട് വയറിംഗ് 33,325/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-3 | 2000-01 | IV-91 c | കുഴൽ കിണർ കുഴിച്ചതിൽ 69,160/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-7 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല-പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-21 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല-പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 എ | 2007-08 | 3-1-50 | കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 | 2007-08 | 3-1-51 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം | പരാമർശം |

| | | | | | |
|---|---|---|---|---|---|
| | ബി | | | വനിത പ്രവൃത്തി തുടങ്ങിയില്ല. | നിലനിൽക്കുന്നു. |
| 2004-05 | 2-6 | 2007-08 | 3-61-4 | മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി തുക ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയത്. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-2 | 2007-08 | 3-60-1 | കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിക്ക് മുൻകൂർ നൽകിയ 75,020/- രൂപ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-3 | 2007-08 | 3-1-46 | 20 പ്രവൃത്തികൾക്ക് 1999 മുതൽ 2001-02 വരെ നൽകിയ മുൻകൂർ | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-4 | 2007-08 | 3-1-47 | 2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകി. ആർ. ആർ. നടപടി വിവരം ലഭ്യമല്ല. | പരാമർശം നിലനിൽക്കുന്നു. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89438268 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93970924 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം. ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 301383 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 84,82,718 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക. നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 | | 2000 | ശ്രീ.നികേഷ്യസ്.എൽ അസി. എക്സി.എഞ്ചിനിയർ |
| 3-2 | | 87761 | ശ്രീ. സന്തോഷ് കുമാർ കെ അസി.എഞ്ചിനിയർ |
| | | 87761 | ശ്രീ.നികേഷ്യസ്.എൽ അസി. എക്സി.എഞ്ചിനിയർ |
| 3-7 | | 123861 | ശ്രീ.നികേഷ്യസ്.എൽ അസി. എക്സി.എഞ്ചിനിയർ |
| | - | 301383 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 65000 | ശ്രീ.മൻസൂർ എൻ സെക്രട്ടറി |
| 3-10 | 2490245 | ശ്രീ.ജയ് പിബാൽ സെക്രട്ടറി |

| | | |
|---|---|---|
| 3-12 | 1062327 | ശ്രീ.ആർ ബാലചന്ദ്രൻ നായർ<br>സെക്രട്ടറി |
| | 2582726 | ശ്രീ.ജയ് പിബാൽ<br>സെക്രട്ടറി |
| 3-17 | 39000 | ശ്രീ. എച്ച്.സൈഫുദ്ധീൻ<br>(ജോയിന്റ് ബി.ഡി.ഒ.<br>ഇൻ ചാർജ്ജ്) സെക്രട്ടറി |
| 3-19 | 6,00,000 | ശ്രീ.പി.ശ്രീകണ്ഠൻ<br>ക്ഷീരവികസന ഓഫീസർ |
| 3-20 | 2,00,000 | ഡോ.മുജീബ്റഹമാൻ<br>മെഡിക്കൽ ഓഫീസർ(CHC വെട്ടം) |
| 3-22 | 2,00,000 | ശ്രീ.സജി .കെ.എസ്<br>ശിശുവികസന ഓഫീസർ |
| 3-23 | 7,89,750 | ശ്രീമതി.സിമ്മി<br>പട്ടികജാതി വികസന ഓഫീസർ |
| 3-14 | 4,53,670 | ശ്രീമതി. ഗീത.സി.എസ്., ശിശുവികസന ഓഫീസർ |
| ആകെ | 84,82,718 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.നികേഷ്യസ്.എൽ<br>അസി. എക്സിക്യൂട്ടീവ് എൻജിനീയർ | അസി. എക്സിക്യൂട്ടീവ് എൻജിനീയർ<br>എൽ.എസ്.ജി.ഡി സബ് ഡിവിഷൻ<br>ആലപ്പുഴ നഗരസഭ | നവനികേതൻ ഹൗസ്<br>മുക്കോലക്കൽ പി ഒ,<br>നെടുമങ്ങാട്,<br>തിരുവനന്തപുരം |
| ശ്രീ. സന്തോഷ് കുമാർ. കെ.വി.<br>അസി.എഞ്ചിനിയർ | - | ശ്രീവൽസം,<br>തിരുവേലി,<br>പനവൂർ പി.ഒ.<br>നെടുമങ്ങാട്,<br>തിരുവനന്തപുരം<br>pin-695568 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്.എം. 4/3373(7)/14 തിയ്യതി 20-07-2015 | 15 |
| 05-06 | എൽ.എഫ്.എം. 4/3373(8)/14 തിയ്യതി 20-07-2015 | 6 |
| 06-07 | എൽ.എഫ്.എം. 4/3373(9)/14 തിയ്യതി 20-07-2015 | 3 |
| 07-08 | എൽ.എഫ്.എം. 4/3373(10)/14 തിയ്യതി 20-07-2015 | 15 |
| 08-09 | എൽ.എഫ്.എം. 4/3373(11)/14 തിയ്യതി 20-07-2015 | 7 |
| 09-10 | എൽ.എഫ്.എം. 4/3373(12)/14 തിയ്യതി 20-07-2015 | 6 |
| 10-11 | എൽ.എഫ്.എം. 4/3373(13)/14 തിയ്യതി 20-07-2015 | 9 |
| 11-12,12-13 | എൽ.എഫ്.എം. 4/3373(14)/14 തിയ്യതി 20-07-2015 | 10 |
| 13-14 | എൽ. എഫ്. എം.4/2487/ 2014 തിയ്യതിഃ 28.10.2014 | 9 |
| 14-15 | നം.കെ.എസ്.എ.എം.പി.എം.4/2532/15 തിയ്യതിഃ17-11-2015 | 12 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ് മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.4/687/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.24-03-17

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ 01.04.15 മുതൽ 31.3.2016 വരെയുള്ള വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരൂർ ബ്ലാക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ 01.04.15 മുതൽ 31.3.2016 വരെയുള്ള വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്, മലപ്പുറം

**അനുബന്ധം-2**

# AUDIT CERTIFICATE

No. KSA/MPM./4/687/2017

Kerala State Audit Department

District Audit Office

Malappuram
Dated:24-03-17

Certified that I have Audited the Annual Financial Statement of Tirur Block Panchayat in Malappuram District for the year 2015-16 from 01.04.15 to 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Tirur Block Panchayat in Malappuram District for the year 2015-16 from 01.04.15 to 31.3.2016, except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR

KERALA STATE AUDIT
DEPARTMENT